TB Movie Panel Weekly Review

**#moviepanel**

RRR

Written By : Arjun Anand

ഇന്ത്യൻ സിനിമയെയും പ്രേക്ഷകരെയും ബ്രഹ്മാണ്ഡം എന്ന് ചിന്തിക്കാനും സ്വപ്നം കാണാനും പഠിപ്പിച്ചത് എസ് എസ് രാജമൗലി ആണ്... ബഡ്ജറ്റിന്റെ പരിമിതികളിൽ കുടുങ്ങി കിടന്ന തെന്നിന്ത്യൻ സിനിമയ്ക്കു ആകാശത്തോളം വലിയ ക്യാൻവാസ്സിൽ ഉള്ള ചിത്രങ്ങൾ സ്വപ്നം കാണാൻ പ്രചോദനമായതും രാജമൗലിയുടെ ചിത്രങ്ങൾ ആണ്...ഒരു ഈച്ചയെ നായകനാക്കി കോടികൾ കൊയ്യാമെന്ന് തെളിയിച്ച ക്രാഫ്റ്റ്മാൻ ആണ് രാജമൗലി..ബഹുബലിക്കു ശേഷം ഇന്ത്യൻ സിനിമ ഒന്നടങ്കം ആകാംക്ഷയോടെ കാത്തിരുന്ന, അദ്ദേഹത്തിന്റെ ഏറ്റവും പുതിയ ചിത്രം ആണ് RRR ..

തെലുങ്കു ദേശത്തു നിന്നും ബ്രിട്ടീഷുകാർക്ക് എതിരെ പോരാടിയിരുന്ന രണ്ടു മഹാരഥന്മാർ ആണ് മദ്രാസ് പ്രൊവിഷ്യൻസിയിൽ ജനിച്ച അല്ലുരി സീതാരാമരാജുവും ഗോണ്ട് ഗോത്രവർഗക്കാരുടെ നേതാവായിരുന്ന കൊമരം ഭീമും... തെലുങ്ക്ദേശത്തു വീര പരിവേഷമുള്ള, യഥാർത്ഥത്തിൽ ജീവിച്ചിരുന്ന ഈ രണ്ടുപേരും തമ്മിൽ കണ്ടുമുട്ടിയിരുന്നെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു എന്ന,തന്റെ അച്ഛൻ വിജയന്ദ്ര പ്രസാദിന്റെ ചിന്തകൾക്ക് തന്റെ ഭാവനകൾ കൊണ്ടു ചിറക് വിരിയിച്ചു ഒരു ഒരു ഫാന്റസിയുടെ ലോകത്തിലേക്ക് രാജമൗലി പറത്തി വിട്ടതിന്റെ പരിണിത ഫലം ആണ് RRR ...

ഭീമിനെ അവതരിപ്പിച്ചിരിക്കുന്നത് താരകും (ജൂനിയർ എൻ ടി ആർ ) രാമരാജുവിനെ അവതരിപ്പിച്ചിരിക്കുന്നത് രാം ചരണും ആണ്..രാജമൗലിയുടെ പതിവ് നായകന്മാരെ പോലെ തന്നെ അതിമാനുഷികർ ആണ് ഭീമും രാമരാജുവും...എത്ര ഗുരുതരമായ അപകടങ്ങളും മാരകമായ മുറിവുകളും അവരുടെ ജീവനെടുക്കാൻ പര്യാപ്തമല്ല എന്ന് തോന്നും വിധം ആണ് ആ കഥാപാത്രങ്ങൾ ഓരോ വിപത്തുകളെയും തരണം ചെയ്യുന്നത്... രണ്ടു നായകന്മാർക്കും തുല്യപ്രാധാന്യം നൽകാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ഒരു പടിക്ക് മുകളിൽ നിൽക്കുന്നത് രാം ചരൺ അവതരിപ്പിച്ച രാമരാജുവിന്റേതാണ്.. അതുകൊണ്ട് തന്നെ കുറച്ചു കൂടുതൽ കൈ അടി ലഭിക്കുന്നതും രാം ചരണിന് ആണ് എന്നതൊഴിച്ചാൽ കരുത്തുറ്റ പ്രകടനം തന്നെ ആണ് എൻ ടി ആറിന്റേതും... പുഴയോരത്തു പോയി നോക്കി നിന്നു നെടുവീർപ്പിടുക എന്നതിലുപരി ആലിയ ഭട്ടിനു കാര്യമായി ഒന്നും തന്നെ ചെയ്യുവാൻ ഉണ്ടായിരുന്നില്ല...സമുദ്രകനി അജയ് ദേവഗൻ, ശ്രിയ ശരൺ

എന്നിവരോടൊപ്പം ഐറിഷ് അഭിനേതാക്കളായ റേ സ്റ്റീവ്ൻസണും അലിസൺ ഡൂടിയും ബ്രിട്ടീഷ് നടി ഒലിവിയ മൊറിസും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു...

രാജമൗലി ചിത്രങ്ങളുടെ പ്രത്യേകതയായി തോന്നിയിട്ടുള്ളത് കഥപശ്ചാത്തലത്തിനും കഥാപാത്രസൃഷ്ടിയിലും അദ്ദേഹം നൽകാറുള്ള ഒരു അമർചിത്രകഥയുടെ ശൈലിയാണ്... അതുകൊണ്ട് തന്നെ ആണ് എത്ര യുക്തി രഹിതവും അമാനുഷികവുമായ രംഗങ്ങൾ ഉണ്ടെങ്കിലും ഒരു പരിധിവരെ പ്രേക്ഷകന് അതിനെ കുറിച്ച് ചിന്തിക്കാൻ ഉള്ള അവസരം നൽകാതെ ചിത്രത്തിൽ മുഴുകി ഇരുത്താൻ കഴിയുന്നത് . RRR ലും അതേ രീതി തന്നെ ആണ് രാജമൗലി അവലംബിച്ചിരിക്കുന്നത്... ആദ്യ പകുതിയിൽ ഒരു പരിധി വരെ അതിൽ അദ്ദേഹം വിജയിച്ചിട്ടുമുണ്ട്... രോമാഞ്ചം കൊള്ളിക്കുന്ന ഒരുപാട് രംഗങ്ങളാൽ സമ്പന്നം ആണ് ആദ്യ പകുതി...ഭീമിന്റെയും രാമരാജുവിന്റെയും കഥാപാത്രങ്ങളെ പ്രേക്ഷകർക്ക് പരിചയപ്പെടുത്തുന്ന രംഗങ്ങളും ഭീമും രാമരാജുവും ആദ്യമായി കണ്ടുമുട്ടുന്ന രംഗങ്ങളും ഇടവേളക്ക് തൊട്ട് മുൻപ് ഉള്ള രംഗങ്ങളുമെല്ലാം അത്തരത്തിൽ ഉള്ളതാണ്...പക്ഷെ രണ്ടാം പകുതിയിൽ പ്രത്യേകിച്ച് ക്ലൈമാക്സ് രംഗങ്ങൾ ഉൾപ്പടെ ഉള്ള അവസാന അരമുക്കാൽ മണിക്കൂർ ഒരല്പം നെറ്റി ചുളിഞ്ഞു പോകും പ്രേക്ഷകന്റെ...വളരെ അധികം ചെലവ് ചെയ്തു പൂർത്തിയാക്കിയ ചിത്രത്തിന്റെ സി ജി ഐ /വി എഫ് എക്സ് ചില രംഗങ്ങളിൽ എങ്കിലും തീർത്തും നിലവാരമില്ലാതെപോയി.. തന്റെ ആദ്യ ചിത്രം ഇപ്പോൾ കാണുമ്പോൾ നാണക്കേട് തോന്നാറുണ്ടെന്ന് രാജമൗലി അടുത്തിടെ ഒരു അഭിമുഖത്തിൽ സമ്മതിക്കുകയുണ്ടായി.. അതുപോലെ കുറച്ചു വർഷങ്ങൾക്ക് അപ്പുറം ഈ ചിത്രത്തിലെ ചുരുക്കം ചില രംഗങ്ങളും അത്തരം ഒരു അവസ്ഥയിൽ അദ്ദേഹത്തെ കൊണ്ടു ചെന്നെത്തിച്ചാലും അദ്ഭുതപ്പെടാനില്ല..

പതിവ് പോലെ തന്നെ അദ്ദേഹത്തിന്റെ ബന്ധു കൂടി ആയ കീരവാണി തന്നെ ആണ് ഈ ചിത്രത്തിന്റെയും ഗാനങ്ങളും സംഗീതവും ഒരുക്കിയിരിക്കുന്നത്.. ഗാനങ്ങൾ ഒക്കെയും മികവ് പുലർത്തുന്നുമുണ്ട്... സാബു സിറിൽ ആണ് കലാസംവിധാനത്തിന് നേതൃത്വം നൽകിയിരിക്കുന്നത്... ശ്രീകർ പ്രസാദ് ആണ് ചിത്രം എഡിറ്റ് ചെയ്തിരിക്കുന്നത്...

പോരായ്മകൾ ഉണ്ടെങ്കിലും RRR ഒരു മോശം ചിത്രം അല്ല എന്ന് മാത്രമല്ല തിയേറ്ററിൽ ഇരുന്നു തന്നെ ആസ്വദിക്കേണ്ടുന്ന ചിത്രവുമാണ്... ഇത്രയും വലിയ ക്യാൻവാസിൽ ആൾക്കൂട്ടങ്ങളെയും വലിയ സന്നാഹങ്ങളെയും ഒക്കെ മികവോടെ കൈകാര്യം ചെയ്തു ഒരു ബ്രഹ്മാണ്ഡ ചിത്രം ഒരുക്കി രണ്ടര മൂന്നു മണിക്കൂർ മുഷിപ്പില്ലാതെ പ്രേക്ഷകനെ തീയേറ്ററിൽ പിടിച്ചിരുത്തുക എന്നുള്ളത് വല്ലപ്പോഴും മാത്രം സംഭവിക്കുന്ന കാര്യമാണ്... അതിന് തല്ക്കാലം ഇന്ത്യൻ സിനിമയിൽ ഒരു രാജമൗലിയെ ഉള്ളൂ എന്ന് നിസംശയം പറയാം..